പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 815 — 11-6-2014-ൽ മറുപടിക്ക്

മീനാട് കുടിവെള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മീനാട് കുടിവെള്ള പദ്ധതിയിലൂടെ കാര്യക്ഷമമായി ജലവിതരണം എന്നത്തേക്ക് സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (എ) 2015 മാർച്ച് മാസത്തോടു കൂടി മീനാട് കുടിവെള്ള പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്ത് കാര്യക്ഷമമായി ജലവിതരണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിലെ ശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; | (ബി) മീനാട് ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണ ശൃംഖല ഒഴികെയുള്ള പണികൾ എല്ലാം തന്നെ പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (സി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിവിധ തലങ്ങളിലായി നിരന്തരം അവലോകനം നടത്തുകയും പണികൾ വേഗത്തിൽ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കരാറുകാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ